# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 19** **29-01-2024 - ൽ മറുപടിയ്ക്ക്**

## നവകേരള സദസ്സിന്റെ വിലയിരുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന ചരിത്രത്തിൽ പുതിയ മുന്നേറ്റമായി മാറിയ നവകേരള സദസ്സിന്റെ ജനകീയ മുന്നേറ്റം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | നവകേരള സദസ്സിലാകെ വൻ ജനപങ്കാളിത്തമാണ് ഉണ്ടായത്. ഓരോ സദസ്സിലും സ്ത്രീകളുടെയും കുട്ടികളുടെയും യുവജനങ്ങളുടെയും നല്ല പങ്കാളിത്തമാണ് ഉണ്ടായിരുന്നത്. ഏതാണ്ട് 23 ലക്ഷത്തോളം ജനങ്ങളുമായി നേരിട്ട് സംവദിക്കാൻ ഈ യാത്രയ്ക്ക് കഴിഞ്ഞു. സമൂഹമാധ്യമങ്ങളിലും വാർത്താ മാധ്യമങ്ങളിലും മറ്റുമായി ലക്ഷക്കണക്കിന് ജനങ്ങൾ സദസ്സ് വീക്ഷിച്ചു. ഇപ്രകാരം സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനങ്ങളുമായി സംവദിച്ചതിലൂടെ നവകേരള സദസ്സ് ജനകീയ മുന്നേറ്റമായി മാറി. |
| (ബി) | സംസ്ഥാനത്ത് എത്ര ലക്ഷം ജനങ്ങളാണ് നവകേരള സദസ്സിൽ പങ്കളികളായതെന്ന് സർക്കാർ വിശദമാക്കുമോ; | (ബി) | നവകേരള സദസ്സിലാകെ വൻ ജനപങ്കാളിത്തമാണ് ഉണ്ടായത്. ഓരോ സദസ്സിലും സ്ത്രീകളുടെയും കുട്ടികളുടെയും യുവജനങ്ങളുടെയും നല്ല പങ്കാളിത്തമാണ് ഉണ്ടായിരുന്നത്. ഏതാണ്ട് 23 ലക്ഷത്തോളം ജനങ്ങളുമായി നേരിട്ട് സംവദിക്കാൻ ഈ യാത്രയ്ക്ക് കഴിഞ്ഞു. സമൂഹമാധ്യമങ്ങളിലും വാർത്താ മാധ്യമങ്ങളിലും മറ്റുമായി ലക്ഷക്കണക്കിന് ജനങ്ങൾ സദസ്സ് വീക്ഷിച്ചു. ഇപ്രകാരം സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനങ്ങളുമായി സംവദിച്ചതിലൂടെ നവകേരള സദസ്സ് ജനകീയ മുന്നേറ്റമായി മാറി. |
| (സി) | നവകേരള സദസ്സിൽ പൊതുജനങ്ങളിൽ നിന്നും എത്ര പരാതികളാണ് ലഭിച്ചതെന്ന് വിശദമാക്കുമോ ; | (സി) | 6,42,076 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാനം ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പ കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിക്കും. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ ലഭിച്ചിട്ടുള്ള പരാതികൾ തീർപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | 6,42,076 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാനം ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പ കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ നടപടി സ്വീകരിക്കും. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ